പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 254

28/10/2019 ൽ മറുപടി
നല്കേണ്ടത്.

## അശ്വമേധം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) കുഷ്ഠരോഗ നിർമ്മാർജനത്തി നായി അശ്വമേധം പദ്ധതി നടപ്പാക്കിയ ശേഷം കുഷ്ഠ രോഗികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ; | എ) | അശ്വമേധം പദ്ധതി നടപ്പാക്കുന്നതിനു മുൻപ് കുഷ്ഠരോഗത്തിന്റെ നിരക്ക് (10000 പേരിൽ ) 0.2 ആയാണ് കണക്കാക്കിയിരുന്നത്. 2018 ഡിസംബറിൽ നടപ്പിലാക്കിയ അശ്വമേധം പദ്ധതിയുടെ ഭാഗമായി നടന്ന ബോധവൽക്കരണ പരിപാടിയുടെയും ഭവന സന്ദർശന ത്തിന്റെയും ഫലമായി സംശയമുള്ളവരെ മുഴുവൻ പരിശോധനയ്ക്ക് വിധേയരാക്കിയതിനെ തുടർന്ന് കൂടുതൽ രോഗികളെ കണ്ടെത്തുവാൻ സാധിച്ചതിനാൽ 2019 മാർച്ച് 31 ന് നിരക്ക് 0.25 ആയി ഉയർന്നിട്ടുണ്ട്. |
| ബി) ഈ പദ്ധതിക്ക് നിലവിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | 2018-19 ൽ അശ്വമേധം ഒന്നാം ഘട്ടം പദ്ധതിയിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, എറണാകുളം , തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,കണ്ണൂർ,കാസർഗോഡ് ) 754.26 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിനുള്ള ഫണ്ട് ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചിരുന്നു. 2019-20 ൽ കേന്ദ്ര സർക്കാരിൽ നിന്നും അശ്വമേധം പദ്ധതി നടത്താൻ 1143.52 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. 2 ഘട്ടങ്ങളിലായി അശ്വമേധം പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടത്തുകയുണ്ടായി.<br>2019 അശ്വമേധം പദ്ധതിയിൽ ഏപ്രിൽ മാസത്തിൽ 344.79 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും സെപ്റ്റംബർ മാസത്തിൽ 786.77 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും നടത്തി. 344.79 ലക്ഷം രൂപ ദേശീയ ആരോഗ്യദൗത്യം |

| | |
|---|---|
| | സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| സി) കുഷ്ഠരോഗ നിർമ്മാർജന പദ്ധതി എത്ര വർഷത്തേക്ക് കൂടി തുടരേണ്ടിവരുമെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | സി) നിലവിലെ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2025 - ടുകൂടി കുഷ്ഠരോഗത്തിന്റെ വ്യാപന നിരക്ക് 0.1 (10000 ൽ ) ആക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. 0.1 എന്ന വ്യാപന നിരക്ക് എത്തിയാൽ മാത്രമേ കുഷ്ഠരോഗം ഒരു പൊതുജനാരോഗ്യ പ്രശ്നം അല്ലാതായി മാറുകയുള്ളൂ. അതിനാൽ നിലവിൽ 2025 വരെയുള്ള പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| ഡി) പ്രസ്തുത കാലയളവിൽ നിലവിലുള്ള ലെപ്രസി ജീവനക്കാരുടെ സേവനം ഉറപ്പാക്കുവാൻ കഴിയുമോ; ഇല്ലെങ്കിൽ ഇതിലേക്ക് മുൻകൂട്ടി സ്വീകരിക്കാൻ കഴിയുന്ന ബദൽ മാർഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഡി) പ്രസ്തുത കാലയളവിൽ നിലവിലുള്ള വെർട്ടിക്കൽ ജീവനക്കാരുടെ സേവനം ലഭ്യമാണ്. മാത്രവുമല്ല കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് ജനറൽ ഹെൽത്ത് ജീവനക്കാരിലൂടെയാണ്. |

സെക്ഷൻ ഓഫീസർ